DESPATCHED
On 09/03/22

4/3/22


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം–695 001**

Email: sic.ker@nic.in


ഹർജി നമ്പർ **CP 729(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.16089/SIC-Gen4/2021**

സന്നിഹിതൻ

ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മാർച്ച് 4

ശ്രീ. അനിൽ ചെന്ദ്രത്തിൽ,
തിരൂർക്കാട്,
മലപ്പുറം – 679 321. } പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസ്,
   പാണ്ടിക്കാട് വില്ലേജ് ഓഫീസ്,
   മലപ്പുറം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസ്,
   വെട്ടിക്കാട്ടിരി വില്ലേജ് ഓഫീസ്,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 6.10.2021, 23.10.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 6.12.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 7.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 2.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനിൽ ചെന്ദ്രത്തിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി ഓഫീസിലേയ്ക്ക് അയക്കേണ്ട അപേക്ഷ തെറ്റായി വെട്ടിക്കാട്ടിരി വില്ലേജ് ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് അയച്ചതെന്നും എന്നാൽ ടി അപേക്ഷ 6(3) പ്രകാരം അഞ്ച് ദിവസത്തിനകം രേഖകൾ കൈവശം ഉള്ള ഓഫീസിലേക്ക് അയച്ചു നൽകാതെ 22 ദിവസം കഴിഞ്ഞാണ് എതിർകക്ഷി ഓഫീസിലേക്ക് കൈമാറിയതെന്നും തുടർന്ന് ഫീസ് അടയ്ക്കാൻ നിർദ്ദേശിച്ചതിന്റെ

അടിസ്ഥാനത്തിൽ ഫീസ് അടവാക്കി എന്നും ആയതിനെ തുടർന്ന് ലഭിച്ച മറുപടിയിൽ 4-ാം നമ്പറായി അപേക്ഷയിൽ ആവശ്യപ്പെട്ട കൊറിലെഷൻ സ്കെച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ആയത് ലഭ്യമായ ഓഫീസിലേക്ക് 6 (3) വകുപ്പു പ്രകാരം കൈമാറിയില്ലെന്നും, ഒന്നാം അപ്പീൽ അധികാരിയുടെ വിശദാംശങ്ങൾ നൽകാതെ പെൻ നമ്പർ എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയത് 30.3.2016-ലെ 69503/ഡിസിഎൻ.5/2015/ജി.എ.ഡി, 7.5.2019-ലെ 43/2019/ഫിൻ എന്നീ സർക്കുലറുകളുടെ ലംഘനമാണെന്നും ആയതിനാൽ എതിർകക്ഷികൾക്ക് വിവരാവകാശ നിയമത്തിൽ പരിശീലനം നൽകി അവർക്കെതിരെ 20(1) വകുപ്പു പ്രകാരം നടപടി സ്വീകരിക്കണമെന്നും ടിയാനിൽ നിന്നും പകർപ്പ് ഫീ ഇനത്തിൽ ഈടാക്കിയ തുക തിരികെ നൽകണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) പാണ്ടിക്കാട് വില്ലേജിൽ സർവ്വേ നമ്പർ 86 ബ്ലോക്ക് നമ്പർ 148 ന്റെ റീ സർവ്വേക്ക് മുമ്പുള്ള എഫ്.എം.ബിയുടെ പകർപ്പ്

2) റീസർവ്വെക്ക് മുമ്പുള്ള ബി.ടി.ആർ-ന്റെ പകർപ്പ്

3) മേൽ സർവ്വെ നമ്പറിന്റെ കൊറിലേഷൻ സ്കെച്ചിന്റെ പകർപ്പ്

4) കൊറിലേഷൻ സ്റ്റേറ്റുമെന്റിന്റെ പകർപ്പ് എന്നിവയാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 6.10.2021, 23.10.2021 എന്നീ തീയതികളിൽ എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ എതിർകക്ഷി ഓഫീസിലേയ്ക്ക് അയക്കേണ്ട അപേക്ഷ തെറ്റായി വെട്ടിക്കാട്ടിരി വില്ലേജ് ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് അയച്ചതെന്നും 6.9.2021-ലെ ടി അപേക്ഷ 28.9.2021 നാണ് പാണ്ടിക്കാട് വില്ലേജ് ഓഫീസിലേക്ക് കൈമാറി കിട്ടിയിട്ടുള്ളതാണെന്നും തുടർന്ന് കക്ഷി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാകുന്നതിലേക്ക് പ്രസ്തുത രേഖകൾ അനുവദിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കുവാൻ അറിയിച്ചു കൊണ്ട് 6.10.2021-ന് (അപേക്ഷ മേൽപ്പടി കാര്യാലയത്തിൽ കൈപ്പറ്റി 9-ാം ദിവസം) അപേക്ഷകന് രജിസ്റ്റേർഡ് തപാലിൽ കത്ത് നൽകുകയുണ്ടായി എന്നും 19.10.2021-ൽ കക്ഷി ഫീസ് അടച്ചതിൽ ചല്ലാൻ പകർപ്പ് അയച്ചു നൽകുകയും തുടർന്ന് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി 25.10.2021-ന് രജിസ്റ്റേർഡ് തപാലിൽ കക്ഷിക്ക് അയച്ചു നൽകുകയും ചെയ്തിട്ടുള്ള-താണെന്നുമാണ്. ആവശ്യമായ വിവരം നൽകുവാനുള്ള പ്രസക്തമായ രേഖ സൂക്ഷിക്കുന്ന ശരിയായ ഉദ്യോഗസ്ഥന്റെ മുമ്പാകെ അതിനായി അപേക്ഷിക്കണം എന്ന ബഹു:കോടതി പരാമർശം നിലവിലുള്ള സാഹചര്യത്തിൽ അപേക്ഷകന് സംഭവിച്ച പിശക് തിരുത്തുവാൻ യാതൊരു ശ്രമങ്ങളും ടിയാന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളതല്ലെന്നും മേൽ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ കൈമാറി കിട്ടിയ 28.9.2021-ാം തീയതി അപേക്ഷ തീയതിയായി പരിഗണിക്കണമെന്നും ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ആനുകൂല്യം അപ്പീൽ കക്ഷിക്ക് നിരസിക്കണമെന്നും അപേക്ഷിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കി

മാത്രം ലഭ്യമാക്കുവാൻ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രേഖകളുടെ പകർപ്പുകളാണ് അപ്പീൽ കക്ഷി അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിലേക്ക് സർവ്വെ ഭൂരേഖ വകുപ്പ് ഡയറക്ടറുടെ 11.3.2021–ലെ നടപടിക്രമം അനുസരിച്ച് പുനർനിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കിയാണ് പകർപ്പുകൾ സാക്ഷ്യപ്പെടുത്തി അനുവദിച്ചിട്ടുള്ളതെന്നുമാണ്. ഹർജിക്കാരൻ 4–ാം നമ്പറായി ആവശ്യപ്പെട്ട കോറിലേഷൻ സ്കെച്ച് എന്നൊരു രേഖ റവന്യു റിക്കാഡുകളുടെ ഭാഗമായി റവന്യു ഓഫീസുകളിൽ ഉള്ള ഒന്നല്ലെന്ന് അറിവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത രേഖ ലഭ്യമല്ല എന്ന് മറുപടി നൽകിയിട്ടുള്ളതെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ തയ്യാറാക്കി വെട്ടിക്കാട്ടിരി വില്ലേജ് ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് 6.9.2021–ന് അയച്ചു കൊടുത്തിട്ടുള്ളത് എന്ന് കാണുന്നു. ഏത് പൊതു അധികാരിയിൽ നിന്നാണോ വിവരം ലഭിക്കേണ്ടത് എന്ന് കണ്ടെത്തി അവിടെ അപേക്ഷ നൽകേണ്ട ഉത്തരവാദിത്വം അപേക്ഷകന്റേതാണ്. ആയതിനാൽ അപേക്ഷ 6(3) പ്രകാരം കൈമാറാതെ മറുപടി ലഭിക്കുവാൻ കാലതാമസം വരുത്തി എന്ന ആക്ഷേപത്തിന് പ്രസക്തിയില്ല. എന്നാൽ വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷ ലഭിച്ചാൽ ടി വിവരം എവിടെയാണ് ലഭ്യമാകുക എന്ന് അറിയാമെങ്കിൽ പ്രസ്തുത പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുക്കേണ്ട ചുമതല അപേക്ഷ ലഭിക്കുന്ന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഉണ്ട്. ആയതിനാൽ ഹർജിക്കാരന്റെ 6.9.2021–ലെ അപേക്ഷ തെറ്റായാണ് ലഭിച്ചിട്ടുള്ളത് എന്ന് അറിഞ്ഞിട്ടും ആയത് 5 ദിവസത്തിനകം രണ്ടാം എതിർകക്ഷിക്ക് അയച്ചു കൊടുക്കാതെ 22 ദിവസത്തോളം കാലതാമസം വരുത്തി അയച്ചുകൊടുത്തത് വിവരാവകാശ നിയമം 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. എന്നാൽ അപേക്ഷ ബന്ധപ്പെട്ട അധികാരിക്ക് നൽകുന്നതിൽ ഹർജിക്കാരന്റെ ഭാഗത്തും വീഴ്ച ഉണ്ടായിട്ടുള്ളത് കണക്കിലെടുത്ത് രണ്ടാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ലെങ്കിലും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരനോട് 1560/– രൂപ പകർപ്പ് ഫീ അടയ്ക്കാൻ നിർദ്ദേശിച്ചത്, വിവരാവകാശ നിയമ പ്രകാരം ഉള്ള ഫീസ് അല്ലെന്നും സർക്കാർ നിശ്ചയിച്ച ഫീസ് അടവാക്കാനുള്ള നിർദ്ദേശമാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയത് കമ്മീഷന്റെ എ.പി. 237(6)/2021/എസ്.ഐ.സി നമ്പർ ഉത്തരവിന് വിരുദ്ധമായിട്ടാണ് ഒന്നാം എതിർകക്ഷി കണക്കാക്കിയിട്ടുള്ളതെന്നുമുള്ള ഹർജിക്കാരന്റെ ആക്ഷേപം കമ്മീഷൻ പരിശോധിച്ചതിൽ രേഖാപകർപ്പുകൾക്ക് വിവരാവകാശ നിയമ പ്രകാരം നിശ്ചയിച്ച പകർപ്പ് ഫീസേ ഹർജിക്കാരനിൽ നിന്നും ഈടാക്കാവൂ എന്ന് തന്നെയാണ് കമ്മീഷന്റെ നിലപാട്. അപ്രകാരം എ.പി.2281(1)/2018/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിന്മേൽ 4.2.2019–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത WP(C) No.35173/2019(v) നമ്പർ കേസിൽ കമ്മീഷന്റെ മേൽ ഉത്തരവ് ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പകർപ്പ് ഫീ ആയി വിവരാവകാശ നിയമ പ്രകാരമുള്ള ഫീസേ ഈടാക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിക്കാൻ നിലവിലുള്ള കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറക്കേ കഴിയുകയുള്ളൂ എന്നതിനാൽ ഹർജിക്കാരനിൽ നിന്നും ഈടാക്കിയ പകർപ്പ് ഫീ

തിരികെ നൽകണമെന്ന ആവശ്യത്തിന്മേൽ കമ്മീഷൻ മറ്റ് നിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിക്കുന്നില്ല.

6. ഹർജിക്കാരൻ അപേക്ഷയിൽ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട കോറിലേഷൻ സ്കെച്ചിന്റെ പകർപ്പ് നൽകിയിട്ടില്ല എന്ന കാര്യത്തിൽ അത്തരമൊരു രേഖ റവന്യൂ ഓഫീസുകളിൽ ഉള്ള ഒന്നല്ല എന്നതിനാലും ആയത് ടിയാന് ലഭിച്ചിട്ടുള്ളതായി ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിലും മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട ഗൈഡ് ലൈൻസ് 30.3.2016-ലെ 69503/സിഡിഎൻ5/2015/ജിഎഡി, 7.5.2019-ലെ 43/2019/ഫിൻ എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തയ്യാറാക്കിയ മറുപടിയല്ല എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾക്ക് മറുപടി തയ്യാറാക്കുമ്പോൾ അപ്പീൽ കാലാവധി, അപ്പീൽ അധികാരിയുടെ വിലാസം, പെൻ നമ്പർ തുടങ്ങിയ എല്ലാ വിശദാംശങ്ങളും ചേർത്ത് ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വേണം മറുപടി തയ്യാറാക്കി നൽകേണ്ടത് എന്നും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 4-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk